**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 999** **02-02-2026 - ൽ മറുപടിയ്ക്ക്**

**എക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വന്യജീവി വകുപ്പിന്റെ എക്കോ ടൂറിസം പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി തദ്ദേശീയരായ വനാശ്രിതരുടെ പങ്കാളിത്തത്തോടെയാണ് ഇക്കോടൂറിസം പദ്ധതികൾ വനം വകുപ്പ് നടപ്പാക്കി വരുന്നത്. നിലവിൽ വനം വകുപ്പിന്റെ കീഴിൽ 80 ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ച വരുന്നു. തദ്ദേശീയരായ വനാശ്രിത അംഗങ്ങൾ ഉൾപ്പെട്ട വനസംരക്ഷണ സമിതികൾ (VSS)/ ഡെവലപ്മെന്റ് കമ്മറ്റികൾ (EDC) എന്നിവയുടെ നേതൃത്വത്തിലാണ് ഇക്കോടൂറിസം നടപ്പാക്കുന്നത്. എല്ലാ അംഗങ്ങൾക്കും തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് അംഗങ്ങളെ നിയോഗിച്ച് വരുന്നത്. ഇക്കോടൂറിസം നടത്തിപ്പിലൂടെ 2170 പേർക്കോളം പ്രത്യക്ഷമായും ഏകദേശം 20000 പേർക്കോളം പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. ഇക്കോടൂറിസം വഴി ലഭിക്കുന്ന വരുമാനം പദ്ധതി പ്രദേശങ്ങളുടെ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾക്കും, മാലിന്യനിർമാർജ്ജനത്തിനും, ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നിയോഗിക്കപ്പെടുന്ന സമിതി/കമ്മിറ്റി അംഗങ്ങളുടെ പ്രതിഫലം നൽകുന്നതിനും, തദ്ദേശീയ വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനും, ജൈവ-വൈവിധ്യ സംരക്ഷണത്തിനും വിനിയോഗിക്കുന്നു.<br><br>ഇക്കോടൂറിസം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും, സന്ദർശക ബാഹുല്യം മൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതം കുറക്കുന്നതിനുമായി ഓരോ ഇക്കോടൂറിസം പദ്ധതി പ്രദേശത്തിനും ഉൾക്കൊള്ളുവാൻ കഴിയുന്ന സന്ദർശകരുടെ തോത് കണക്കാക്കുന്നതിനായി സന്ദർശക വാഹക ശേഷി പഠനം (Carrying Capacity Study) നടത്തി വരുന്നുണ്ട്. നിലവിൽ 34 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ടി പഠനം പൂർത്തിയായിട്ടുണ്ട്. കൂടാതെ 23 ഇക്കോടൂറിസം |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിൽ പഠനം പുരോഗമിച്ച് വരുന്നു. സന്ദർശകവാഹകശേഷി പഠനം കൂടാതെ പ്രവർത്തനക്ഷമതയും സന്ദർശകരുടെയും ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി 38 കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റുകൾ നടത്തിയിട്ടുണ്ട്. 14 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പഠനം പുരോഗമിച്ച് വരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾക്ക് പുറമെ, സന്ദർശകർക്കുള്ള സൗകര്യങ്ങളും ദീർഘകാലാടിസ്ഥാനത്തിലുള്ള സാധ്യതകളും വിലയിരുത്തുന്നതിനായി 18 കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ ഓഡിറ്റുകൾ നടത്തിയിട്ടുണ്ട് 28 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പഠനം പുരോഗമിക്കുന്നു.<br><br>ഇക്കോടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഉണ്ടാകുന്ന പക്ഷം സന്ദർശകർക്ക് (ഇന്ത്യൻ പൗരന്മാർക്ക് മാത്രം) നഷ്ടപരിഹാരം ലഭിക്കുന്നതിനായി യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷുറൻസും, എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും ജോലി ചെയ്യുന്ന VSS/EDC സമതി അംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഇ-ടിക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി, എല്ലാ കേന്ദ്രങ്ങളിലും POS മെഷീനുകൾ സ്ഥാപിച്ചു. ecotourism.forest.kerala.gov.in എന്ന പോർട്ടൽ വഴിയും 'Kerala Forest Ecotourism ആപ്പ് വഴിയും ഓൺലൈൻ റിസർവേഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എക്കോ ടൂറിസം പദ്ധതിയുടെ പ്രചാരണത്തിനു വേണ്ടി വനം-വന്യജീവി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഇക്കോടൂറിസം പദ്ധതിയുടെ പ്രചാരണത്തിന് വേണ്ടി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ecotourism.forest.kerala.gov.in എന്ന കേന്ദ്രീകൃത വെബ്സൈറ്റും, 'Kerala Forest Ecotourism' എന്ന മൊബൈൽ ആപ്പും വനം വകുപ്പ് 2025 ജൂലൈ മുതൽ ആരംഭിച്ചിട്ടുണ്ട് . വനം വകുപ്പ് നടത്തിവരുന്ന ഇക്കോടൂറിസം കേന്ദ്രങ്ങളിലേക്ക് പ്രവേശന ടിക്കറ്റുകൾ എളുപ്പത്തിൽ ബുക്ക് ചെയ്യാൻ പൊതുജനങ്ങളെ സഹായിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇവ ഉപയോഗിച്ച് പൊതു ജനങ്ങൾക്ക് വനം വകുപ്പിന് കീഴിലുള്ള പ്രമുഖ ഇക്കോടൂറിസം കേന്ദ്രങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ കാണുവാനും കൂടാതെ വനം വകുപ്പിൽ നടക്കുന്ന വിവിധ ഇക്കോടൂറിസം പ്രവർത്തനങ്ങൾ, പദ്ധതികൾ, മറ്റു പ്രവർത്തനങ്ങൾ, ബ്ലോഗുകൾ എന്നിവ ഈ വെബ് സൈറ്റിലൂടെ വായിച്ചറിയുവാനും സാധിക്കും. ഇ-ടിക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി, വനം വകുപ്പ് എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും പോയിന്റ് ഓഫ് സെയിൽസ് (POS) മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എക്കോ ടൂറിസം പദ്ധതി പ്രയോജനപ്പെടുത്തിയവരുടെ എണ്ണം, ഈ പദ്ധതിയിലൂടെ സർക്കാരിന് ലഭിച്ച വരുമാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വനം വകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ 537.03 ലക്ഷം ആളുകൾ സന്ദർശനം നടത്തി. കൂടാതെ ഈ പദ്ധതിയിലൂടെ സർക്കാരിന് 3918.11 ലക്ഷം രൂപയുടെ വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ